# അക്കാദമിക മാസ്റ്റർ പ്ലാൻ

## ചോമ്പാൽ. എൽ. പി. സ്കൂൾ

## 2025 - 26

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷമായി നടക്കുകയാണ്. സാധ്യമായ ഏറ്റവും നല്ല വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്കെല്ലാം ഉറപ്പാക്കുക എന്നതാണ് നാം ലക്ഷ്യമാക്കുന്നത്. ദീർഘകാല കാഴ്ചപ്പാടോടു കൂടിയ സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ ഇവിടെ വിശദീകരിക്കുന്നു.

ചോമ്പാൽ എൽ.പി. സ്കൂളിനെ പാഠ്യ - പാഠ്യേതര, ഭൗതിക കാര്യങ്ങളിൽ മുന്നോക്കം നിർത്തുന്നതിനായി, പി.ടി.എ, അധ്യാപകർ, എസ്.എസ്.ജി, പൂർവ്വവിദ്യാർത്ഥികൾ സാമൂഹ്യ-രാഷ്ട്രീയ സാംസ്കാരിക - സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരുടെ കൂട്ടായ്മയിൽ നിന്നും കണ്ടെത്തിയവയാണ് പ്രതിപാദന വിഷയം. തീർച്ചയായും മികച്ച വിദ്യാലയ അന്തഃരീക്ഷം ഉണ്ടാക്കിത്തീർക്കുവാൻ ഈ കണ്ടെത്തലുകൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

# ചോമ്പാൽ. എൽ. പി. സ്കൂൾ

## ചരിത്രം

1903-ൽ സ്ഥാപിതമായ ഈ വിദ്യാലയം കൊള
രപ് തെരുവിലായിരുന്നു. പ്രവർത്തിച്ച് വന്നിരുന്നത്.
അന്ന് വിദ്യാലയത്തിന്റെ പേര് ചോമ്പാൽ ഹിന്ദു
ബോയ്സ് സ്കൂൾ എന്നായിരുന്നു. സ്വാതന്ത്ര്യസമര
മായി ബന്ധപ്പെട്ട പല പ്രവർത്തന ഈ സ്കൂ
ൾ കേന്ദ്രമായി നടന്നിരുന്നത് കൊളരപ് തെരുവിൽ
ആയതിനാൽ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട പ്ര
വർത്തനങ്ങൾക്ക് പ്രയാസങ്ങൾ അനുഭവപ്പെട്ടതിനാൽ
ആളുകൾ എത്തിച്ചേരാൻ എളുപ്പമുള്ള സ്ഥലത്തേക്ക്
മാറ്റിസ്ഥാപിക്കുന്നതിനെ കുറിച്ച് ആലോചിച്ചു. ശ്രീ കു
ഞ്ഞിലോത്ത് കേളുക്കുറുപ്പ് ആയിരുന്നു അന്നത്തെ
മാനേജർ അദ്ദേഹത്തിന്റെ മരണശേഷം ശ്രീ കായി
ലോത്ത് കൃഷ്ണക്കുറുപ്പ് മാനേജരായി. ഇപ്പോൾ
~~[illegible] കെ. ഭേക്കിയമ്മയുടെ~~ ~~[illegible]~~ മാനേജർ നാരാ
യണൻ നമ്പ്യാർ ആണ്.

## അവസ്ഥാവിശകലനം.

1) കെട്ടിടം

- 237.64 വിസ്തൃതിയിൽ 44.80 അനുപാതത്തിലുള്ള കെ.ഇ.ആർ കെട്ടിടം.
- വിദ്യാലയത്തിൽ 1 ഓഫീസ്റൂം, 1 മുതൽ 5 വരെ ക്ലാസ്റൂം, സ്മാർട്ട് ക്ലാസ് റൂം, ഡൈനിങ് റൂം, അടുക്കള എന്നിവ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

2. ജലവിതരണം.

വിദ്യാലയത്തിൽ കിണർ ഉണ്ട്.
ജല ഉപയോഗത്തിന് മോട്ടോറും, വാട്ടർ ടാങ്കും കൈ കഴുകുന്നതിനായി 6 ടാപ്പും അടുക്കളയിൽ 2 ടാപ്പും ശുചിമുറിയിൽ 6 ടാപ്പും ഉപയോഗത്തിലുണ്ട്.

3. വൈദ്യുതി സംവിധാനം.

വിദ്യാലയത്തിൽ എല്ലാ ക്ലാസുകളിലും വൈദ്യുതി ലഭ്യമാണ്.
7 ഫാനും, എല്ലാ ക്ലാസിലും ലൈറ്റും ഉണ്ട്.

4. ഫർണിച്ചറുകൾ.

- എല്ലാ ക്ലാസിലും അത്യാധുനികമായതും വിദ്യാർത്ഥികളുടെ പ്രായത്തിന് അനുയോജ്യമായതുമായ ഫർണിച്ചർ ഉണ്ട്.
- അധ്യാപകർക്ക് എല്ലാ ക്ലാസിലും ആവശ്യമുള്ളവ സൂക്ഷിച്ചു വയ്ക്കുവാൻ കഴിയുന്ന മേശയും കസേരയും ഉണ്ട്.

5. അടുക്കള

- വൃത്തിയുള്ളതും സൗകര്യമുള്ളതുമായ അടുക്കള ഉണ്ട്.
- ഗ്യാസടുപ്പ് സജ്ജീകരിച്ചിട്ടുണ്ട്.
- വൈദ്യുതി സൗകര്യവും, ജലസൗകര്യവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്.
- സൂക്ഷിച്ചു വയ്ക്കാനുള്ള സ്റ്റോർ റൂം സൗകര്യം ഉണ്ട്.

6. സ്മാർട്ട് റൂം

പ്രോജക്ടറും, കമ്പ്യൂട്ടറുകളും ഉപയോഗപ്പെടുത്തിയുള്ള സ്മാർട്ട് ക്ലാസ് റൂം സൗകര്യം നിലവിലുണ്ട്.

7. വിദ്യാലയ പരിസരം.

മത്സ്യബന്ധന മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ മക്കളാണ് കൂടുതലായും പഠിക്കുന്നത്.

. ചെറിയ കളിസ്ഥലവും കൃഷിസ്ഥലവും നിലവിലുണ്ട്.

. വിദ്യാലയന്തരീക്ഷം വളരെ നല്ലതാണ്.

. നിലവിൽ വിദ്യാലയത്തിന് ചുറ്റുമതിൽ ഇല്ല.

8.) പാഠ്യേതര പ്രവർത്തനങ്ങൾ.

- വിദ്യാലയത്തിൽ വിവിധങ്ങളായ പരിപാടികൾ നടന്നുവരുന്നു.
- കലാപരിപാടികളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും വലിയ വിജയങ്ങൾ നേടിയെടുക്കുവാനും കഴിയുന്നുണ്ട്.
- ക്വിസ് മത്സരം, കായിക പരിപാടി, ക്ലബ്ബ് പരിപാടികൾ എന്നിവയിൽ പങ്കെടുത്ത് നിരവധി വിജയങ്ങൾ കൈവരിക്കാൻ കഴിഞ്ഞു.
- പഠനപ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന വിദ്യാലയമാണ്.

പ്രശ്നങ്ങൾ.

അക്കാദമികം.

ദിനപത്രങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി റിസോഴ്സ് പേഴ്സന്റെ അഭാവം.
സ്പെഷലിസ്റ്റ് അധ്യാപകരുടെ (P.T., ചിത്രകല, സംഗീതം) അഭാവം.

ഭൗതികം.

1. ഹൈവേയുടെ അടുത്ത് സ്ഥിതി ചെയ്യുന്ന സ്കൂളായതിനാൽ ചുറ്റുമതിലില്ലാത്തത് ഒരു വലിയ പരിമിതിയാണ്.
2. കളിസ്ഥലം കുറവായതിനാൽ കുട്ടികൾക്ക് വേണ്ടത്ര കായിക പരിശീലനം നൽകാൻ കഴിയുന്നില്ല.
3. സാമൂഹ്യദ്രോഹികളുടെ ശല്യം സ്കൂളിന്റെ പരിസരശുചിത്വത്തെ ബാധിക്കുന്നു.
4. സയൻസ്, മാത്സ് ലാബുകൾ ഒന്നുകൂടെ വിപുലമാക്കേണ്ടതുണ്ട്.
5. ജൈവ വൈവിധ്യ പാർക്ക് സ്കൂളിൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

## സാമൂഹികം.

500 മീറ്ററിനുള്ളിൽ അൺ. ~~എയ്ഡി~~ എയ്ഡഡ് സ്കൂൾ പ്രവർത്തിക്കുന്നതിനാൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല.

. അടുത്തുള്ള യു.പി. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ തുടങ്ങിയതിനാൽ കുട്ടികളുടെ പ്രവേശനത്തെ കാര്യമായി ബാധിക്കുന്നു.

## മികവ്.

## അക്കാദമികം.

1. പ്രവൃത്തി പരിചയമേള, ഗണിത ശാസ്ത്രമേള, ശാസ്ത്രമേള, ക്വിസ് മത്സരങ്ങൾ എന്നിവയിൽ എല്ലാ വർഷവും പങ്കെടുപ്പിക്കുകയും നിരവധി സമ്മാനങ്ങൾ നേടാറുമുണ്ട്. ശാസ്ത്ര മേളയിൽ ജില്ലാതലം വരെ പങ്കെടുത്തിട്ടുണ്ട്.
2. ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ മഹാത്മാ വായനശാല നടത്താറുള്ള വായനാ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയിട്ടുണ്ട്.
3. വിവിധ ക്ലബ്ബുകൾ നടത്താറുള്ള ക്വിസ് മത്സരങ്ങളിൽ സമ്മാനങ്ങൾ ലഭിക്കാറുണ്ട്.
4. പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ

അഭിമുഖങ്ങൾ തുടങ്ങിയവ നടത്താറുണ്ട്.

5. സബ്ജില്ലാ കായികമേളയിൽ എല്ലാ വർഷവും പങ്കെടുക്കുകയും നിരവധി സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

6. വർഷത്തിലെ പ്രധാന ദിനങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരവും ആഘോഷ പരിപാടികളും നടത്താറുണ്ട്. വിദ്യാലയത്തിൽ ഹെൽത്ത് ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ്, സാഹിത്യ ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ് തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്.

7. ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഹലോ- ഇംഗ്ലീഷ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. കുട്ടികളിൽ ചിത്രകലാ കഴിവ് വർദ്ധിപ്പിക്കാനായി ചിത്രരചനാ ക്ലാസ് പ്രത്യേകമായി നൽകി വരുന്നു.

8. പഠനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകി വരുന്നു. എല്ലാ വർഷവും സ്കൂൾ തലത്തിൽ കലാ കായിക മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

9. ആരോഗ്യ ബോധവത്കരണ ക്ലാസ്, ജൈവ കൃഷി കർഷകനുമായി അഭിമുഖം, മാറി

വരുന്ന ഭക്ഷണരീതിയെക്കുറിച്ചുള്ള ബോധ
വത്കരണ ക്ലാസ് എന്നിവ നടത്തിയിട്ടുണ്ട്.

10. ഇംഗ്ലീഷ് ഫെസ്റ്റ്, മെട്രിക് മേള എന്നിവയിൽ
എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചു.

11. ലൈബ്രറി പ്രദർശനവും അമ്മമാർക്ക്
ലൈബ്രറി വിതരണവും നടത്തി.

12. യുറീക്കാ വിജ്ഞാനോത്സവത്തിൽ (പഞ്ചായ
ത്ത് തലത്തിൽ) കുട്ടികൾ പങ്കെടുക്കുകയും
സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.
കുട്ടികളിലെ ഗണിതാഭിരുചി വർദ്ധിപ്പി
ക്കാൻ അബാക്കസ് ക്ലാസുകൾ നടത്തുന്നു.

## മികവ്

### ഭൗതികം

1. ഹൈടെക്കനിഷൻ സ്മാർട്ട് ക്ലാസ് റൂം.
2. സയൻസ്, ഗണിതം, സാഹിത്യം ലാബുകൾ
3. ഭക്ഷ്യ സുരക്ഷാ പദ്ധതി - വിദ്യാർത്ഥികൾക്ക് ഇടനേര ഭക്ഷണം, വൈവിധ്യമാർന്ന ഉച്ചഭക്ഷണം.
4. വിപുലമായ കമ്പ്യൂട്ടർ ലബോറട്ടറി.
5. ക്ലാസിനും പ്രായത്തിനും അനുയോജ്യമായ ഫർണിച്ചറുകൾ
6. വിദ്യാലയ ഹാളിലും പുറത്തും സൗണ്ട് സിസ്റ്റം.
7. എല്ലാ ക്ലാസുകളിലും ഫാനും ലൈറ്റും
8. എല്ലാ സ്ഥലങ്ങളിലേക്കും വാഹന സൗകര്യം.
9. ജില്ലു സൗഹൃദ ബ്ലാക്ക് ബോർഡുകൾ.
10. 1, 2, ക്ലാസുകളിൽ ബിഗ് പിക്ചർ.
11. വിദ്യാലയത്തിനും വിദ്യാർത്ഥികൾക്കും ആവശ്യമായ ജലവിതരണ സംവിധാനങ്ങൾ
12. മികച്ച ടോയ്ലറ്റുകൾ.
13. കുടിവെള്ളത്തിന് വാട്ടർ പ്യൂരിഫയർ സിസ്റ്റം.
14. പാചകത്തിന് ഗ്യാസ് അടുപ്പ് സംവിധാനം

| അധ്യാപകരുടെ പേര് | ചുമതലകൾ |
|---|---|
| 1) ഷിമിത്ത്. സി. (H.M.) | HM, class charge 4th planning and administration, PTA, MPTA, CPTA, SSG, monitoring TM and classes, school saving scheme, science club കൺവീനർ |
| 2) ലതീഷ്. സി. | സഹാധ്യാപകൻ, ക്ലാസ് ചാർജ് IInd std, staff secretary, vehicle in charge, SRG കൺവീനർ, Noon meal, social science club. |
| 3) സൗമ്യ. കെ | സഹാധ്യാപിക, ക്ലാസ് ചാർജ് Ist std. Library in charge work experience, ബുൾബുൾ. |
| 4). നിത്യ. കെ. | സഹാധ്യാപിക, ക്ലാസ് ചാർജ് 3rd std. L.S.S. coaching, health club and IEDC convenor, വിദ്യാരംഗം, English club കൺവീനർ, Balasabha convenor, ജാഗ്രതാസമിതി. |
| 5) വിശ്വജിത്ത് ആർ. | സഹാധ്യാപകൻ, class charge 5th std, IT കോർഡിനേറ്റർ, maths club കൺവീനർ, sports. |

2024–25

| ക്ലാസ് | കുട്ടികൾ | | |
|---|---|---|---|
| | ആൺ. | പെൺ. | ആകെ. |
| 1 | 4 | 6 | 10 |
| 2 | 3 | 3 | 6 |
| 3 | 6 | 1 | 7 |
| 4 | 3 | 5 | 8 |
| 5 | 10 | 3 | 13 |

## ലക്ഷ്യങ്ങൾ

1) എല്ലാ കുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകും.

2) ഗണിത പഠന പ്രവർത്തനങ്ങൾ ഫലപ്രദമായിലെഷുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ഗണിതമൂല ഉറപ്പാക്കും.

3) പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായിലെഷുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസുകളിലും ശാസ്ത്രമൂല ഉറപ്പാക്കും.

4) ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

5) വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്കരിക്കും.

6) കുട്ടികളിൽ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തും.

7) പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത, ലഹരി മുക്ത വിദ്യാലയ അന്തരീക്ഷം യാഥാർത്ഥ്യമാക്കും.

8) കാർഷിക സംസ്കാരം വളർത്തിയെടുക്കാനുള്ള-